(ബി) ഉണ്ട്.

(സി) പേ സ്ലിപ്പ് സമ്പ്രദായം നിർത്തലാക്കിയാൽ വിവിധ തലങ്ങളിലായി ഏകദേശം ഇരുനൂറോളം തസ്തികകളും ഏജീസ് ആഫീസിൽ അധികപ്പറ്റാവുമെന്നും തന്മൂലം ആഡിറ്റ് വിഭാഗത്തിലും ഗണ്യമായി തൊഴിലവസരങ്ങൾ ഇല്ലാതാവുമെന്നും ഈ ഭീഷണി ഒഴിവാക്കുവാൻ പേ സ്ലിപ്പ് സമ്പ്രദായം നിർത്തലാക്കുന്ന നടപടിയിൽ നിന്നും സംസ്ഥാന ഗവൺമെന്റ് പിൻതിരിയണമെന്നുമാണ് മുഖ്യമായും നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

(ഡി) : 1976 ഏപ്രിൽ മാസം 1-ാം തീയതി മുതൽ കേന്ദ്ര ഗവൺമെന്റിലെ ഗസറ്റഡ് ഓഫീസർമാരുടെ പേ സ്ലിപ്പ് സമ്പ്രദായം നിർത്തിക്കൊണ്ടുള്ള ഉത്തരവുണ്ടായി. ഈ ഉത്തരവ് സംസ്ഥാന സർക്കാരിനെ അറിയിച്ചതോടൊപ്പംതന്നെ, ഇതേകാര്യം സംസ്ഥാന സർക്കാരും പരിഗണിക്കാവുന്നതാണെന്ന് കേന്ദ്രം നിർദ്ദേശിച്ചിരുന്നു.

പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന ഗ്രാന്റ്

722 [852] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്നു നൽകിവരുന്ന ഗ്രാന്റ് അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാന്റ് അപര്യാപ്തമാണെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇവ വർദ്ധിപ്പിക്കണമെന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) 3.1.1985–ലെ സ. ഉ. (എം.എസ്) നം. 2/85/ഹ. ക്ഷേ. വ. പ്രകാരം പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു നൽകിവരുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ 1.12.1984 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോഴത്തെ സാമ്പത്തിക പരിതഃസ്ഥിതിയിൽ ഇനി ഉടനെ വീണ്ടും ഇവ വർദ്ധിപ്പിക്കുവാൻ സാദ്ധ്യമല്ല.

സംസ്ഥാനത്തെ സ്കൂളുകളിൽ പഠിക്കുന്ന ആദിവാസി വിദ്യാർത്ഥികൾ

723 [853] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ ഈ അദ്ധ്യയന വർഷത്തിൽ എത്ര ആദിവാസി കുട്ടികൾ സ്കൂളുകളിൽ പഠിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly